ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. സ്ത്രീകൾ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിത്തറയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   Today is International Women's Day. President Draupadi Murmu said that women are the foundation of society and the nation.

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   Prime Minister Narendra Modi will launch various development projects worth Rs 33,500 crore in New Delhi today.

3. ഇന്ത്യയുടെ വളർച്ചയിലൂടെ ഇന്ത്യൻ മഹാസമുദ്രവുമായി ബന്ധപ്പെട്ട കിടക്കുന്ന മറ്റു രാജ്യങ്ങൾക്കും നേട്ടമുണ്ടാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   External Affairs Minister S. Jaishankar said that other countries connected to the Indian Ocean will also benefit from India's growth.

4. പശ്ചിമേഷ്യയിൽ സംഘർഷം ശമനമില്ലാതെ തുടരുന്നു. സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്ന് ഇന്ത്യ.

   Tensions continue unabated in West Asia. India says it is monitoring the situation.

5. നവകേരളം എന്ന ആശയം പൂർണമായും യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   Chief Minister Pinarayi Vijayan said that the government aims to fully realize the idea of Navakerala.

6. ഐസിസി ടി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻഡിനെ നേരിടും.

India will face New Zealand in the ICC T-20 Cricket World Cup final today.

&&&&&&&&&&&&&&&&&&&&&&&&&&

## WOMENS DAY

ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. എല്ലാ വനിതകൾക്കും പെൺകുട്ടികൾക്കും അവകാശം, നീതി, പ്രവർത്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം. സ്ത്രീകളുടെ നേട്ടങ്ങൾ അംഗീകരിക്കുന്നതിനും ലിംഗ സമത്വത്തിനായി പ്രവർത്തിക്കുന്നതിനുമാണ് ഐക്യരാഷ്ട്രസഭ 1977 ൽ വനിതാ ദിനാചരണം ആരംഭിച്ചത്. വനിതാ ദിനാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ ഇന്ന് സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ മനേക്ഷാ സെൻസ്റ്ററിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യ പ്രഭാഷണം നടത്തും. വനിതാ-ശിശു വികസന മന്ത്രാലയം ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ "ശക്തി വാക്" എന്ന പേരിൽ വിവിധ മേഖലകളിലെ സ്ത്രീകൾ നയിക്കുന്ന നടത്തവും സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&&&&&&&&

## PREZ-WOMENS DAY

അന്താരാഷ്ട്ര വനിതാ ദിനത്തിൽ രാജ്യത്തെ പൗരന്മാർക്ക് ആശംസകൾ അറിയിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു. സ്ത്രീകൾ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിത്തറയാണെന്നും വിദ്യാസമ്പന്നരും സ്വയംപര്യാപ്തരുമായ സ്ത്രീകൾക്ക് രാഷ്ട്ര പുരോഗതിയിൽ നിർണായക സംഭാവന നൽകാൻ കഴിയുമെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. സ്ത്രീകൾക്ക് തുല്യ അവസരങ്ങളുള്ളതും അവരുടെ കഴിവുകളെ തിരിച്ചറിയുന്ന സമൂഹത്തിനുമായി പ്രവർത്തിക്കാൻ എല്ലാ പൗരന്മാരും ഒന്നിച്ചുനിൽക്കണമെന്ന് രാഷ്ട്രപതി ആഹ്വാനം ചെയ്യു.

&&&&&&&&&&&&&&&&&&&&&&&&&&

## PM DELHI PROJECTS

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

ഡൽഹി മെട്രോയുടെ ഇടനാഴികളും 18,300 കോടി രൂപയോളം വരുന്ന ഡൽഹി മെട്രോ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ഡൽഹി മെട്രോയുടെ മജ്ലിസ് പാർക്ക് മുതൽ മൗജ്പുർ ബാബർപുർ വരെ നീളുന്ന 12.3 കിലോമീറ്ററോളം നീളമുള്ള പിങ്ക് ലൈൻ ഇടനാഴിയും 9.9 കിലോമീറ്ററോളം ദൈർഘ്യമുള്ള ദീപാലി ചൗക്ക്-മജ്‌ലിസ് പാർക്ക് മജന്ത ലൈൻ ഇടനാഴിയും ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&

## RAISINA DAILOGUE (INTRO)

റൈസീന ഡയലോഗിന്റെ 11-ാമത് പതിപ്പിന് ന്യൂഡൽഹിയിൽ സമാപനമായി. ഈ മാസം അഞ്ചിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചത്. രാജ്യത്തിന്റെ ഉയർച്ചയുടെ ദിശ വളരെ വ്യക്തവും തടസമില്ലാത്തതുമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സമാപന ദിനത്തിലെ മന്ത്രിതല സംഭാഷണത്തിൽ പറഞ്ഞു. ഇന്ത്യയുടെ വളർച്ചയിലൂടെ ഇന്ത്യൻ മഹാസമുദ്രവുമായി ബന്ധപ്പെട്ട കിടക്കുന്ന മറ്റു രാജ്യങ്ങൾക്കും നേട്ടമുണ്ടാകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

( വോയിസ്...)

&&&&&&&&&&&&&&

## NADDA – JANAUSHADHI

പി എം ഭാരതീയ ജനൗഷധി പരിയോജനയുടെ കീഴിലുള്ള രാജ്യത്തെ ജനൗഷധി കേന്ദ്രങ്ങളിലൂടെ നിരവധി സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതായി കേന്ദ്ര മന്ത്രി ജെ പി നദ്ദ. എട്ടാമത് ജനൗഷധി ദിവസ് ആഘോഷ പരിപാടിയുടെ ഭാഗമായി ന്യൂഡൽഹിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 8,000ത്തിൽ അധികം ജനൗഷധി കേന്ദ്രങ്ങൾ സ്ത്രീകളാണ് നടത്തുന്നതെന്നും ഇതിലൂടെ നിരവധി സ്ത്രീ സംരംഭകരെ സൃഷ്ടിക്കാനായെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## LAKSHADWEEP–JITHENDRA SINGH

ലക്ഷദ്വീപിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി നടപ്പാക്കുന്ന പ്രധാന സമുദ്ര സാങ്കേതിക

പദ്ധതികളുടെ പുരോഗതി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് അവലോകനം ചെയ്തു. ജലസുരക്ഷ മെച്ചപ്പെടുത്തുന്നതിലും ദ്വീപ് പ്രദേശത്തിനായുള്ള സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് പദ്ധതി. ദ്വീപ്, തീരദേശ മേഖലകൾ നേരിടുന്ന സവിശേഷ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്ന തദ്ദേശീയ സമുദ്ര സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതിൻ്റെ പ്രാധാന്യം ശ്രീ ജിതേന്ദ്ര സിംഗ് ഊന്നിപ്പറഞ്ഞു. കവരത്തിയിലെ NIOT ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ എന്നിവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&

**PM PREZ WB + NT. PREZ WB-PROTOCOL-CM DENIED**

രാഷ്ട്രപതിയോട് അനാദരവ് കാണിച്ചതിനും സന്താൾ സംസ്കാരത്തോടുള്ള പശ്ചിമ ബംഗാൾ സർക്കാരിന്റെ നിരുത്തരവാദപരമായ സമീപനത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അപലപിച്ചു. രാഷ്ട്രപതി എന്ന പദവി രാഷ്ട്രീയത്തിന് അതീതമാണെന്ന് പറഞ്ഞ അദ്ദേഹം, ഈ പദവിയുടെ പവിത്രത എപ്പോഴും ആദരിക്കപ്പെടണമെന്നും പറഞ്ഞു. അതേസമയം, രാഷ്ട്രപതിയുടെ സന്ദർശനത്തിൽ പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടില്ലെന്നും 9 -ാമത് അന്താരാഷ്ട്ര ആദിവാസി സാന്താൾ സമ്മേളനം ഒരു സ്വകാര്യ സംഘടനയുടെ പരിപാടിയായിരുന്നു എന്നും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&

**ASMITA LEAGUE**

വനിതാ ദിനത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയം വനിതാ അത്‌ലറ്റുകൾക്കായി ദേശീയ അത്‌ലറ്റിക്സ് ലീഗ് - അസ്മിത സംഘടിപ്പിക്കുന്നു. മൂന്ന് വിഭാഗങ്ങളിലായി 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ ഓട്ടമത്സരങ്ങൾ തുടങ്ങിയ കായിക ഇനങ്ങളാണ് നടക്കുക. അസ്മിതയുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന കായിക മത്സരങ്ങൾ ഗവർണർ രാജേന്ദ്ര

വിശ്വനാഥ് ആർലേക്കറുടെ ഭാര്യ അനഘ ആർലേക്കർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&

## WEST ASIA ( INTRO)

പശ്ചിമേഷ്യയിൽ സംഘർഷം ശമനമില്ലാതെ തുടരുന്നു. ലക്ഷ്യങ്ങൾ കൈവരിക്കുന്നതുവരെ ഇറാനെതിരായ സൈനിക നടപടികൾ തുടരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു. ഇറാനുമായുള്ള ഒരു കരാറും അംഗീകരിക്കില്ലെന്നും നിരുപാധികം കീഴടങ്ങണമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചു. എന്നാൽ നിരുപാധികമായ കീഴടങ്ങലിന് ഉള്ള അമേരിക്കയുടെ ആവശ്യം ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയൻ തള്ളി. അതിനിടെ, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇറാൻ പ്രസിഡന്റുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇറാനിയൻ നേതാക്കളുടെയും പൗരന്മാരുടെയും മരണത്തിൽ അനുശോചിച്ച അദ്ദേഹം നയതന്ത്ര പരിഹാരത്തിന് ആഹ്വാനം ചെയ്തു.

വിശദാംശങ്ങളിലേക്ക്....

( വോയിസ്.....)

## WEST ASIA (VOICE)

അമേരിക്കയും, ഇസ്രായേലും, ഇറാനും വ്യോമാക്രമണങ്ങൾ തുടരുകയാണ്. ഇസ്രായേലിന്റെ വിജയത്തിലൂടെ ലോകത്ത് ആണവ ഭീഷണി ഇല്ലാതാകുമെന്നും ഇസ്രായേലും ഇറാനും തമ്മിൽ സമാധാനത്തിനു വഴിയൊരുങ്ങുമെന്നും ഇസ്രായേൽ പ്രധാനമന്ത്രി പറഞ്ഞു. അതേസമയം, പാർചിനിലെയും ഷാരൂദിലെയും ഇറാന്റെ പ്രധാന ബാലിസ്റ്റിക് മിസൈൽ നിർമ്മാണ കേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇസ്രയേലിന്റെ ഹൈഫ എണ്ണ ശുദ്ധീകരണശാല ആക്രമിച്ചതായി ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി കോർപ്സും ഹൈഫ നാവിക താവളത്തിലേക്ക് മിസൈലുകൾ വിക്ഷേപിച്ചതായി ഹിസ്ബുള്ള ഗ്രൂപ്പും അവകാശപ്പെട്ടു. അതിനിടെ, വ്യോമാക്രമണത്തിന്റെ അവശിഷ്ടങ്ങൾ വാഹനത്തിൽ പതിച്ചതിനെ തുടർന്ന് അൽ ബർഷ പ്രദേശത്ത് ഒരു പാകിസ്ഥാൻ പൗരൻ മരിച്ചതായി ദുബായ് സ്ഥിരീകരിച്ചു.

യുഎസ്-ഇസ്രായേൽ വ്യോമാക്രമണങ്ങളിൽ കുട്ടികൾ ഉൾപ്പടെ 1,332 പൗരന്മാർ കൊല്ലപ്പെട്ടതായി ഇറാന്റെ യുഎൻ അംബാസഡർ അമീർ സയീദ് ഇറവാനി അറിയിച്ചു. ലെബനനിലും ഇസ്രായേൽ ആക്രമണം തുടരുകയാണ്.

ന്യൂസ്ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&

## MEA WEST ASIA

പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണെന്ന് ഇന്ത്യ. മേഖലയിലുടനീളം വ്യോമാതിർത്തി ഭാഗികമായി തുറന്നതിനെത്തുടർന്ന്, ഈ മാസം ഒന്ന് മുതൽ ഇന്നലെ വരെ 52,000-ത്തിലധികം ഇന്ത്യക്കാർ സുരക്ഷിതമായി രാജ്യത്ത് തിരികെയെത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. നിലവിൽ വാണിജ്യ വിമാന സർവീസുകൾ ലഭ്യമല്ലാത്ത രാജ്യങ്ങളിൽ, ഇന്ത്യൻ പൗരന്മാർ എംബസിയെയോ കോൺസുലേറ്റിനെയോ ബന്ധപ്പെടാനും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

## CBSE WEST ASIA EXAMS

പശ്ചിമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത്, ഈ മാസം 9, 10, 11 തീയതികളിൽ നടക്കാനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ മാറ്റി വച്ചതായി CBSE. പുതിയ തീയതികൾ പിന്നീട് പ്രഖ്യാപിക്കും. ചൊവ്വാഴ്ച സ്ഥിതിഗതികൾ അവലോകനം ചെയ്ത ശേഷം 12 മുതൽ നടക്കാനിരിക്കുന്ന പരീക്ഷകളിൽ തീരുമാനമെടുക്കുമെന്നും സിബിഎസ്ഇ അറിയിച്ചു.

&&&&&&&&&&&&&&

## NAVAKERALAM - PINARAYI VIJAYAN

നവകേരളം എന്ന ആശയം പൂർണമായും യാഥാർത്ഥ്യമാക്കാനാണ് സർക്കാർ വിവിധ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വികസനം ഒരു പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കേണ്ട ഒന്നല്ലെന്നും എല്ലാ വിഭാഗം ജനങ്ങളും അതിന്റെ ഗുണം അനുഭവിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ചെല്ലാനം ടെട്രാപോഡ് തീരസംരക്ഷണ പദ്ധതിയുടെ

ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ പ്രഖ്യാപനവും രണ്ടാം ഘട്ടത്തിലെ നിർമ്മാണ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനായി.

&&&&&&&&&&&&&&

## T- 20 WORLD CUP

ൈഎസിസി ടി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻഡിനെ നേരിടും. തുടർച്ചയായ രണ്ടാം ടി-20 ലോകകപ്പ് കിരീടം ലക്ഷ്യമിട്ടാണ് ഇന്ത്യ ഇറങ്ങുന്നത്. ഇത് നാലാം തവണയാണ് ഇന്ത്യ ടി-20 ലോകകപ്പ് ഫൈനലിൽ എത്തുന്നത്. കിരീടം നേടിയാൽ മൂന്ന് തവണ ടി-20 ലോകകപ്പിൽ ജേതാക്കളാകുന്ന ആദ്യ ടീമായി ഇന്ത്യ മാറും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം. അതേസമയം രണ്ടാം തവണ ഫൈനലിൽ കളിക്കുന്ന ന്യൂസിലാൻഡ് ആദ്യ ലോക കിരീടമാണ് സ്വപ്നം കാണുന്നത്. സെമി ഫൈനലിൽ ഇംഗ്ലണ്ടിനെ തകർത്ത ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ. സെമിയിൽ കരുത്തരായ ദക്ഷിണാഫ്രിക്കയ്ക്ക് എതിരെ നേടിയ ആധികാരിക ജയത്തിൻറെ പിൻബലത്തിലാണ് ന്യൂസിലാൻഡ് ഫൈനൽ പോരാട്ടത്തിനിറങ്ങുന്നത്.

&&&&&&&&&&&&&&

## BADMINTON

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഫൈനലിൽ കടന്നു. ലോക 12-ാം നമ്പർ താരമായ ലക്ഷ്യ സെൻ ഇന്നലെ ബർമിംഗ്ഹാമിൽ നടന്ന സെമിഫൈനലിൽ കനേഡിയൻ താരത്തെയാണ് പരാജയപ്പെടുത്തിയത്. നാളെ നടക്കുന്ന ഫൈനലിൽ ചൈനീസ് തായ്പേയിയുടെ ലിൻ ചുൻ-യി ആണ് ലക്ഷ്യയുടെ എതിരാളി.

&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&&